ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ക്ഷേമപ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനുള്ള സംവിധാനം വിശദമാക്കുമോ;

(ബി) ഇതിനായി ജില്ലാടിസ്ഥാനത്തിൽ സമിതികൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) പട്ടിക സമുദായക്കാർക്കുള്ള ക്ഷേമ പദ്ധതികൾ ഇടനിലക്കാർ ചൂഷണം ചെയ്യുന്നത് ഒഴിവാക്കുന്നതിനായി ഈ സമിതികൾ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) സംസ്ഥാനതലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയും, ആസൂത്രണ സാമ്പത്തിക കാര്യവകുപ്പുസെക്രട്ടറിയും പ്രത്യേക അവലോകനയോഗം നടത്താറുണ്ട്. പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് വകുപ്പ് മന്ത്രിയും മുഖ്യമന്ത്രിയും അവലോകനയോഗങ്ങൾ നടത്താറുണ്ട്. കൂടാതെ ജില്ലാ പ്ലാനിംഗ് കമ്മിറ്റികളും പട്ടികജാതി-പട്ടികവർഗ്ഗ വികസന സമിതികളും സംസ്ഥാന ഉപദേശകസമിതിയും ക്ഷേമപ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താറുണ്ട്.

(ബി)&(സി) ഉണ്ട്. ജില്ലാതലത്തിൽ പുരോഗതി വിലയിരുത്തുന്നതിനുള്ള ചുമതല ജില്ലാ പ്ലാനിംഗ് കമ്മിറ്റിയ്ക്കാണ്. പട്ടികജാതി-പട്ടികവർഗ്ഗ വികസന കാര്യങ്ങളിൽ ഈ കമ്മിറ്റിയെ സഹായിക്കുന്നതിന് ഇതിന്റെ സബ്കമ്മിറ്റിയായി പട്ടികജാതി-പട്ടികവർഗ്ഗവികസനത്തിനായുള്ള ജില്ലാതല കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നു.

(ഡി) പദ്ധതികൾ ആവിഷ്കരിക്കുമ്പോൾത്തന്നെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിക്കുകയും ഇടനിലക്കാർ കടന്നുവരാനുള്ള സാദ്ധ്യതകൾ ഒഴിവാക്കുകയും ചെയ്യാറുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ബന്ധപ്പെട്ട ഗ്രാമസഭകളോ വാർഡു സഭകളോ ആയതിനാൽ ഇടനിലക്കാരുടെ ചൂഷണത്തിനുള്ള സാദ്ധ്യത ഒഴിവാക്കപ്പെടുന്നു. പശ്ചാത്തല സൗകര്യങ്ങൾക്കുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നത് ഗുണഭോക്തൃ കമ്മിറ്റിയായതിനാൽ ഇടനിലക്കാരുടെ ചൂഷണത്തിനുള്ള സാദ്ധ്യതയും ഒഴിവാക്കപ്പെടുന്നുണ്ട്.

11 (*38) വൈദ്യുതിചാർജ് വർദ്ധന

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. എ. കണാരൻ :

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :

ശ്രീ. ആനത്തലവട്ടം ആനന്ദൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് വൈദ്യുതിചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ഉൽപ്പാദനചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇപ്പോൾ വർദ്ധിപ്പിച്ച വൈദ്യുതി നിരക്ക് കൊണ്ട് ഉൽപ്പാദന ചെലവ് എത്രത്തോളം ക്രമീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ഗാർഹിക ഉപഭോക്താക്കൾക്കായുള്ള വൈദ്യുതി നിരക്ക് തെക്കേ ഇൻഡ്യയിൽ ഏറ്റവും കുറവ് കേരളത്തിലാണെന്നുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തെക്കേ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ വൈദ്യുതിനിരക്ക് യൂണിറ്റിന് എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് വൈദ്യുതിനിരക്ക് ഇതിനുമുമ്പ് വർദ്ധിപ്പിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് അടുത്ത കാലത്ത് കമ്മീഷൻ ചെയ്തിട്ടുള്ള വൈദ്യുത പദ്ധതികളുടെ ഉൽപ്പാദനച്ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) താഴെപ്പറയുന്ന കാരണങ്ങളാലാണ് വൈദ്യുതിചാർജ് വർദ്ധിപ്പിക്കാൻ ഇടയായത്.

(1) കായംകുളം എൻ.ടി.പി.സി. നിലയത്തിൽനിന്ന് വാങ്ങുന്ന വൈദ്യുതിക്ക് നൽകേണ്ട കൂടിയ നിരക്ക്

(2) കേന്ദ്രങ്ങളിൽനിന്ന് ലഭിക്കുന്ന വൈദ്യുതിയ്ക്ക് നൽകേണ്ട കൂടിയ നിരക്കും, കാലാകാലങ്ങളിൽ പ്രസ്തുത നിരക്കിൽ വരുന്ന വർദ്ധനവും.

(3) ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി ബോർഡ് വാങ്ങിയിട്ടുള്ള വായ്പയുടെ പലിശ ഇനത്തിൽ വന്നിട്ടുള്ള വർദ്ധനവും, കൂടുതൽ പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടിവരുന്ന വായ്പയുടെ ആവശ്യവും.

(4) സംസ്ഥാന-സ്വകാര്യ ഏജൻസികളിൽനിന്നും വാങ്ങുന്ന വൈദ്യുതിക്ക് നൽകേണ്ടിവരുന്ന ഉയർന്ന ചെലവ്.

(5) ബ്രഹ്മപുരം താലനിലയത്തിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഉയർന്ന ചെലവ്.

(ബി) വൈദ്യുതി ഉപഭോക്താക്കൾക്ക് എത്തിയ്ക്കുമ്പോൾ യൂണിറ്റൊന്നിന് ശരാശരി 199.5 പൈസ ബോർഡിന് ചെലവാകുന്നുണ്ട്. ഇപ്പോൾ വരുത്തിയ താരിഫ് വർദ്ധനവിനുശേഷം ഒരു യൂണിറ്റ് വൈദ്യുതി വിറ്റാൽ ബോർഡിന് ശരാശരി ലഭിക്കുന്നത് 189 പൈസയാണ്. ഒരു യൂണിറ്റ് ഉപഭോക്താവിന് നൽകുമ്പോൾ ബോർഡിനുണ്ടാകുന്ന നഷ്ടമായ 10.5 പൈസ, വൈദ്യുതിബോർഡിൽ കർശനമായ സാമ്പത്തിക അച്ചടക്കം ഏർപ്പെടുത്തി ക്രമീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്. തെക്കേ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി നിരക്ക് താഴെ കൊടുക്കുന്നു:-

ആന്ധ്രാപ്രദേശ്- യൂണിറ്റൊന്നിന് 150 പൈസയും കൂടാതെ ഇന്ധന വിലയുടെ വർദ്ധനവും.

കർണ്ണാടകം- യൂണിറ്റൊന്നിന് 145 പൈസയും കൂടാതെ ഇന്ധനവിലയുടെ വർദ്ധനവും.

LIBRARY ARCHIVES Kerala Legislative Assembly

തമിഴ്നാട്- യൂണിറ്റൊന്നിന് 122 പൈസ

കേരളം- യൂണിറ്റൊന്നിന് 104 പൈസ

(ഡി) നിരവധി തവണ വർദ്ധിപ്പിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ 1997 ഫെബ്രുവരി ഒന്നിനാണ് വൈദ്യുതിനിരക്കിൽ സമഗ്രമായ പരിഷ്കരണം നടത്തിയത്.

(ഇ) സംസ്ഥാനത്ത് അടുത്ത കാലത്ത് കമ്മിഷൻ ചെയ്ത വിദ്യുച്ഛക്തി ബോർഡിന്റെ പദ്ധതി ബ്രഹ്മപുരം ഡീസൽ നിലയമാണ്. പ്രസ്തുത നിലയത്തിൽ നിന്നുള്ള വൈദ്യുതിയുടെ ഉൽപ്പാദനചെലവ് 1999 മാർച്ചിലെ കണക്കു പ്രകാരം യൂണിറ്റൊന്നിന് 295 പൈസയാണ്. ഇതിനുപുറമേ അടുത്തകാലത്ത് കമ്മീഷൻ ചെയ്ത പദ്ധതി എൻ.ടി.പി.സി. യുടെ കായംകുളം നിലയമാണ്. പ്രസ്തുത നിലയത്തിൽ നിന്നും വൈദ്യുതി സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് വിലയ്ക്കുവാങ്ങി വിതരണം നടത്തുകയാണ് ചെയ്യുന്നത്. ഇങ്ങനെ വാങ്ങുന്ന വൈദ്യുതിക്ക് എൻ.ടി.പി.സി. യൂണിറ്റൊന്നിന് 394 പൈസ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും താൽക്കാലിക നിരക്കായ 275 പൈസയാണ് യൂണിറ്റൊന്നിന് ബോർഡ് ഇപ്പോൾ നൽകിവരുന്നത്.

12 (*40) ഡീസൽ നിലയങ്ങൾ

ശ്രീമതി രാധാ രാഘവൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൊത്തം വൈദ്യുത ഉൽപ്പാദനശേഷിയുടെ പത്ത് ശതമാനത്തിൽ കൂടുതൽ ഡീസൽ നിലയങ്ങൾ പാടില്ലെന്ന കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ നിർദ്ദേശം സംസ്ഥാന വൈദ്യുതി ബോർഡിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശം പാലിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാന വൈദ്യുതിബോർഡിന് അങ്ങനെയൊരു നിർദ്ദേശം ലഭിച്ചിട്ടില്ല.

(ബി) പ്രസക്തമല്ല.

(സി) പ്രസക്തമല്ല.

13 (*41) വൈദ്യുതിനിരക്ക് വർദ്ധനവുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ.എം. മാണി :

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly